بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 10.04.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്‌ബയുടെ സംഗ്രഹം***

ഈ മഹാമാരികളും വിപത്തുകളും മനുഷ്യനെ സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് ജാഗ്രതപ്പെടുത്തുന്നതിനു വേണ്ടിയാണ് വരുന്നത്.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۝ اَلرَّحْمٰنِ الرَّحِيْمِ۝ مٰلِكِ يَوْمِ الدِّيْنِ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ۝ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۝

തശഹ്ഹുദും തഅവ്വുദും സുറഃ ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ ഇപ്രകാരം പറഞ്ഞു;

കൊറോണാ വൈറസിന്റ മഹാമാരി കാരണത്താൽ ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥകൾ സ്വന്തക്കാരെയും അന്യരേയും ഒന്നടങ്കം അസ്വസ്ഥമാക്കിയിരിക്കുകയാണ്. ചില അഹ്മദികൾക്ക് ഈ രോഗം ബാധിക്കുകയും ചെയ്തു. ഏതായിരുന്നാലും ഒരു വ്യാകുലത ലോകത്തെ വലയം ചെയ്തിരിക്കുകയാണ്. ഇപ്പോൾ സംഭവിച്ചതെന്താണെന്നോ, എന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നതെന്നോ മനസ്സിലാകുന്നില്ല എന്നു പറഞ്ഞ് ഒരു മുറബ്ബി സാഹിബ് എനിക്കെഴുതുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ശരിയാണ്. ലോകത്തിനെന്താണ് സംഭവിക്കുന്നതെന്ന് അറിയാൻ പറ്റുന്നില്ല എന്നത് വാസ്തവമാണ്. ഇന്നത്തെ അവസ്ഥയെ കുറിച്ച് വിശുദ്ധ ഖുർആൻ ഇപ്രകാരം പറയുന്നു; *വ ഖാലൽ ഇൻസാനു മാലഹാ*- അതായത് ഇതിന് (ഈ ലോകത്തിന്) എന്താണ് സംഭവിച്ചത് എന്ന് മനുഷ്യൻ ചോദിച്ചു പോകും. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) 1920 ഫെബ്രുവരിയിൽ, ഇന്നേക്ക് നൂറു വർഷങ്ങൾക്കു മുൻപ് ഈ ആയത്തിനെ ഹ്രസ്വമായി വിവരിച്ചു കൊണ്ടു ഇപ്രകാരം പറയുകയുണ്ടായി; മുമ്പ് ഒന്ന് രണ്ട് വിപത്തുകളോ മഹാവ്യാധികളോ മാത്രമായിരുന്നു വന്നിരുന്നത്. എന്നാൽ വിപത്തുകളുടെ കവാടങ്ങൾ തുറന്നിരിക്കുന്ന ഒന്നായി ഇക്കാലം മാറിയിരുക്കുന്നു. കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഞാനും പറഞ്ഞുകൊണ്ടിരിക്കുകയാണ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗത്തിനുശേഷം, പ്രത്യേകിച്ച് ലോകത്തിന് വിപത്തുകളെക്കുറിച്ചും വാനലോകത്തു നിന്നിറങ്ങുന്ന ദുരന്തങ്ങളെക്കുറിച്ചും അദ്ദേഹം മുന്നറിയിപ്പു നല്കിയതിനു ശേഷം ലോകത്ത് കൊടുങ്കാറ്റും ഭൂകമ്പങ്ങളും മഹാമാരികളും വർദ്ധിച്ചിരിക്കുകയാണ്. ഈ മഹാവ്യാധികളും വിപത്തുകളും വരുന്നത് മനുഷ്യനെ തന്റെ സ്രഷ്ടാവിനോടുള്ള കടമകളും അല്ലാഹുവിന്റെ സൃഷ്ടിജാലങ്ങളോടും ദാസരോടുമുള്ള കടമകളും നിറവേറ്റുന്ന കാര്യത്തെക്കുറിച്ച് ജാഗ്രതപ്പെടുത്തുന്നതിനു വേണ്ടിയാണ്. അതുകൊണ്ട് ഈ അവസ്ഥയിൽ നാം സ്വയം അല്ലാഹുവിലേക്കു മുമ്പത്തേക്കാളുപരി കുനിയുന്നതോടൊപ്പം ലോകത്തെ ഉണർത്തുകയും ചെയ്യേണ്ടതാണ്. ലോകത്ത് ചില പകർച്ച വ്യാധികളും കൊടുങ്കാറ്റുകളും ഉണ്ടാകുമ്പോൾ സ്വാഭാവികമായും അത് എല്ലാവരെയും സ്വാധീനിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു; ചില വിപത്തുകൾക്ക് നമ്മളുമായി ബന്ധമുണ്ടാകില്ല എന്നതു ശരിതന്നെ. എങ്കിലും ഈ ലോകത്തു ജീവിക്കുമ്പോൾ നിരവധി മഹാവ്യാധികൾ നമ്മെയും സ്വാധീനിക്കുന്നു. ദൈവിക ജമാഅത്തുകൾ അവയിൽ നിന്നും പൂർണ്ണമായും സംരക്ഷിക്കപ്പെടണമെന്നില്ല. കാരണം അത് ദൈവയുക്തിക്ക് നിരക്കാത്തതാണ്. എന്നാൽ ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻ അല്ലാഹുവിലേക്ക് കുനിയുകയും അവന്റെ നന്ദിയുള്ള ദാസനായിത്തീരുകയും ചെയ്തുകൊണ്ട് ആ പ്രയാസങ്ങളിലൂടെ കടന്നുപോകുന്നു. അതുകൊണ്ട് നാം ഈ ദിനങ്ങളിൽ പ്രത്യേകമായും മുമ്പത്തേക്കാൾ കൂടുതലായി അല്ലാഹുവിലേക്കു കുനിയേണ്ടതാണ്. ചിലയാളുകൾ ഈ മഹാവ്യാധി ഒരു അടയാളമെന്ന നിലയ്ക്കാണ് വന്നിരിക്കുന്നതെന്നും അതുകൊണ്ട് നമുക്ക് ചികിത്സയുടെയും പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതിന്റെയും ആവശ്യമില്ല എന്നതരത്തിലുള്ള ചർച്ചകൾ നടത്തുന്നു. അതല്ലെങ്കിൽ മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന തരത്തിലുള്ള മറ്റു പരാമർശങ്ങൾ നടത്തുന്നു. നമുക്കറിയില്ല ഇതൊരു അടയാളമാണോ അല്ലയോ എന്ന്. എങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗത്തിനു ശേഷം ഭൗമികവും ആകാശീയവുമായ വിപത്തുകൾ വളരെയധികം വർദ്ധിച്ചിരിക്കുന്നു എന്നു സാധാരണ ഗതിയിൽ നാം പറയാറുണ്ട്. പക്ഷെ ഈ രോഗത്തെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തെ പ്ലേഗുമായി ബന്ധിപ്പിക്കുകയും പിന്നീട് നഊദുബില്ലാഹ് ഈ രോഗം ബാധിച്ച അഹ്മദികളെക്കുറിച്ചും രോഗം ബാധിച്ച് മരിച്ചവരെക്കുറിച്ചും അവരുടെ ഈമാൻ ബലഹീനമായിരുന്നു എന്നൊക്കെ പറയാൻ ആർക്കും അധികാരമില്ല. പ്ലേഗ് ഹദ്റത്ത് മസീഹ് മൗഊദ് (അ)മിന് ഒരു ദൃഷ്ടാന്തമായി പ്രത്യക്ഷപ്പെട്ടതാണ്. അതേസമയം ഇതു ബാധിച്ചു മരിക്കുന്നവരെ നബി(സ) തിരുമേനി ശഹീദാണെന്ന് പറഞ്ഞിട്ടുമുണ്ട്. പ്ലേ

ഗ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ഒരു ദൃഷ്ടാന്തമായി ഇറങ്ങിയതായിരുന്നു. അതിനെക്കുറിച്ച് അല്ലാഹു അദ്ദേഹത്തിന് പ്രത്യേകം അറിയിപ്പു നൽകിയിരുന്നു. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ കാലത്തുണ്ടായ പ്ലേഗിന് ഒരു പ്രത്യേക നിലയുണ്ട്. എന്നിട്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഫ്തി സാഹിബ്(റ)നോട് ഞാനെന്റെ ജമാഅത്ത് സുരക്ഷിതമായിരിക്കാനായി വളരെയധികം ദുആ ചെയ്യുന്നുണ്ട് എന്ന കാര്യം പത്രങ്ങളിൽ വിളംബരപ്പെടുത്തുക എന്ന് പറയുകയുണ്ടായി. എന്നാൽ അദ്ദേഹം പറയുന്നു; ദൈവ കോപം ഇറങ്ങുമ്പോൾ ദുരാത്മാക്കളുടെ കൂട്ടത്തിൽ നല്ലവരും പെട്ടുപോകുന്നു. ശേഷം അവർക്ക് അവരുടെ കർമ്മങ്ങൾക്കനുസൃതമായി പ്രതിഫലം ലഭിക്കുന്നതാണ്. തുടർന്ന് അദ്ദേഹം പറയുന്നു; ഇസ്ലാമിന് വിജയം നല്കിയ ധർമ്മ യുദ്ധങ്ങളെല്ലാം ഇസ്ലാമിന്റെ സത്യതക്കുള്ള ദൃഷ്ടാന്തമായിരുന്നു. സ്വഹാബാക്കളും നബി(സ)തിരുമേനിയോടൊപ്പം ജിഹാദിൽ പങ്കെടുത്തു. എല്ലാ യുദ്ധങ്ങളിലും സത്യ നിഷേധികളുടെ കൂട്ടത്തിൽ മുസ്ലിംകളും വധിക്കപ്പെട്ടു. വധിക്കപ്പെട്ട മുസ്ലിംകൾ ശഹീദ് എന്നു പറയപ്പെട്ടു. അതുപോലെതന്നെ പ്ലേഗ് നമ്മുടെ സത്യസാക്ഷ്യത്തിനായുള്ള ഒരു ദൃഷ്ടാന്തമാകുന്നു. നമ്മുടെ ജമാഅത്തിലെ ചില ആളുകളും അതിൽ ശഹീദായേക്കാം. തുടർന്ന് പറയുന്നു; ഏറ്റവുമാദ്യം അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുകയും മനസ്സിനെ വികാരാവേശങ്ങളിൽ നിന്നും ശുദ്ധമാക്കുകയും ചെയ്യുക. അതിനു ശേഷം അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുക. പറഞ്ഞു, അല്ലാഹുവിൽ ശരിയായ വിശ്വാസം വച്ചു പുലർത്തുകയും അല്ലാഹുവിന്റെ മുന്നിൽ കേണപേക്ഷിച്ചു ദുആ ചെയ്യുകയും ചെയ്യുക. അല്ലാഹുവിന്റെ മുന്നിൽ കരഞ്ഞു ദുആ ചെയ്യാത്തതായ ഒരു ദിവസംപോലും ഉണ്ടാകരുത്. തുടർന്ന് പറയുന്നു, അതിനു ശേഷം ഭൗതിക ഉപാധികളെ പരിഗണിക്കുക. തുടർന്നു പറയുന്നു; ദൈവ വിധിപ്രകാരം നിങ്ങളിൽ നിന്നും പ്ലേഗ് ബാധിച്ച വ്യക്തിയോടും അയാളുടെ ബന്ധുക്കളോടും സഹതാപപൂർവ്വം പെരുമാറുകയും എല്ലാവിധത്തിലും സഹായിക്കുകയും ചെയ്യുക. ആ വ്യക്തിയുടെ ചികിത്സാ കാര്യങ്ങളിൽ തരിമ്പും വിഴ്ച വരുത്തരുത്. എന്നാൽ ഓർമ്മിക്കുക സഹതാപം കാണിക്കുക എന്നതിനർത്ഥം അയാളുടെ വിഷലിപ്തമായ ശ്വസനത്തിൽ നിന്നോ വസ്ത്രത്തിൽ നിന്നോ ദോഷകരമായി ബാധിക്കുന്ന വിധത്തിൽ പെരുമാറുക എന്നല്ല.

ഹുസൂർ പറയുന്നു; ഇതിൽ നിന്നും നാം പാഠമുൾക്കൊള്ളേണ്ടതാണ്. അതായത് സഹായികളായിട്ടുള്ളവർ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. ഉദാഹരണമായി ഇപ്പോൾ നിർദേശമുള്ള പോലെ മാസ്ക് ധരിക്കുക. ആവശ്യമില്ലാതെ മറ്റുള്ളവരുടെ വീടുകളിൽ കയറിയിറങ്ങുന്നതും ഒഴിവാക്കേണ്ടതാണ്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ നിരവധി വളണ്ടിയർമാരുണ്ട് അവരെല്ലാം എല്ലാതരത്തിലുള്ള മുൻകരുതലോടും ദുആയോടും കൂടി സഹായമെത്തിക്കുക. ആവശ്യമില്ലാതെ സ്വയം നാശത്തിൽ അകപ്പെടുത്തരുത്. അത് ധീരതയല്ല അജ്ഞതയാണ്. അതുകൊണ്ട് വളരെയധികം സൂക്ഷ്മത കൈക്കൊള്ളുക. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതായിട്ട് അദ്ദേഹം പറയുന്നു; അവിചാരിതമായി ആരെങ്കിലും ഈ രോഗത്താൽ മരണപ്പെടുകയാണെങ്കിൽ-അല്ലാഹു അങ്ങിനെ ചെയ്യാതിരിക്കട്ടെ- അയാൾ ശഹീദാകുന്നു. അങ്ങനെയുള്ളവരെ കുളിപ്പിക്കുകയോ കഫൻ ചെയ്യുകയോ ചെയ്യേണ്ടതിന്റെ ആവശ്യമില്ല. ശഹീദിനോടുള്ള പെരുമാറ്റമായിരിക്കും അവരോട് ചെയ്യപ്പെടുക. പിന്നീട് ഒരു മുന്നറിയിപ്പായിക്കൊണ്ട് പറഞ്ഞു; വീടുകളെ വളരെയധികം ശുചിയാക്കി വയ്ക്കുക വസ്ത്രങ്ങളും വൃത്തിയായി സൂക്ഷിക്കുക. അഴുക്കു ചാലുകളും വൃത്തിയാക്കിക്കുക. ഹൃദയങ്ങളെ ശുദ്ധമാക്കുകയും അല്ലാഹുവുമായി രഞ്ജിപ്പുണ്ടാക്കുക്കയും ചെയ്യുക എന്നതാണ് ഏറ്റവും മുഖ്യം.

ഹുസൂർ പറഞ്ഞു; നമുക്കായി ദുആയുടെ മാർഗം തുറന്നു വച്ചിരിക്കുന്നു എന്നും അല്ലാഹു നമ്മുടെ ദുആകൾ കേൾക്കുന്നുണ്ടെന്നുമുള്ള കാര്യം നാം എപ്പോഴും ഓർക്കേണ്ടതാണ്. ആത്മാർത്ഥമായിക്കൊണ്ട് അവന്റെ മുൻപിൽ കുനിയുകയാണെങ്കിൽ അത് അവൻ സ്വീകരിക്കുന്നു. തങ്ങൾക്കുവേണ്ടിയും തങ്ങളുടെ പ്രിയപ്പെട്ടവർക്കും വേണ്ടപ്പെട്ടവർക്കും വേണ്ടിയും ജമാഅത്തിനു വേണ്ടിയും മനുഷ്യകുലത്തിനു വേണ്ടി പൊതുവായും ദുആ ചെയ്യേണ്ടതാണ്. അല്ലാഹു അവരുടെയും നമ്മുടെയും മേൽ കരുണ ചൊരിയുമാറാകട്ടെ. വീണ്ടും ഞാൻ പറയുകയാണ്, ഇക്കാലത്ത് ദുആയിലേക്കു ശ്രദ്ധിക്കുക ദുആയിലേക്ക് ശ്രദ്ധിക്കുക ദുആയിലേക്ക് വളരെയധികം ഊന്നൽ നൽകുക. അല്ലാഹു എല്ലാ ജമാഅത്തംഗങ്ങളെയും എല്ലാ വിധത്തിലും സംരക്ഷിക്കുകയും സമാധാനത്തിലാക്കുകയും ചെയ്യട്ടെ. ജമാഅത്തിനെ പൊതുവായി എല്ലാതരത്തിലും സംരക്ഷിക്കുമാറാകട്ടെ. അല്ലാഹു എനിക്കും നിങ്ങൾക്കും ദുആകൾ ചെയ്യുവാനും ദുആ സ്വീകാര്യതയാൽ അനുഗൃഹീതരാകുവാനും തൗഫീഖ് നൽകട്ടെ.

മറ്റൊരു കാര്യം കൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. വ്യാപാര സംബന്ധമായ ജോലി ചെയ്യുന്ന അഹ്മദികൾ ഈ ദിനങ്ങളിൽ തങ്ങളുടെ സാധനങ്ങളിൽ അമിതമായ ലാഭമുണ്ടാക്കുന്നതിന് ശ്രമിക്കരുത്. ഇത് മനുഷ്യകുലത്തിന് സേവനം ചെയ്യുവാനുള്ള ദിനങ്ങളാണ്. സഹാനുഭൂതിയുടെ വികാരം ഉണ്ടാക്കിയെടുക്കുക എന്നു പറഞ്ഞ് ഇക്കാര്യത്തിലേക്ക് ഹദ്റത്ത മസീഹ് മൗഊദ് (അ) ശ്രദ്ധ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുന്നതിനും അതു മുഖേന ദൈവസാമിപ്യം പ്രാപിക്കുവാനുള്ള ദിനങ്ങളാണിത്. അല്ലാഹു എല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഇനി ഞാൻ കഴിഞ്ഞ ദിവസം വഫാത്തായ നമ്മുടെ വളരെ ആത്മാർത്ഥനായ ജമാഅത്തിന്റെ ജീവനക്കാരനും സേവകനുമായിരുന്ന ബഹുമാന്യ നാസിർ അഹ്മദ് സഈദ് സാഹിബിനെക്കുറിച്ച് പറയാം. ഏപ്രിൽ 5ന് ദൈവ

വിധിപ്രകാരം അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂന്നാം ഖിലാഫത്തു മുതൽ എന്റെ സമയം വരെയും അദ്ദേഹത്തിന് ഡ്യൂട്ടി നൽകുവാനുള്ള സൗഭാഗ്യമുണ്ടായി.

നാസിർ സഈദ് സാഹിബ് അനേകം ഗുണങ്ങൾക്കുടമയായിരുന്നു. വളരെ വിശ്വസ്തതയോടെയും സന്നദ്ധതയോടെയും ഡ്യൂട്ടി ചെയ്തിരുന്നു. ഖിലാഫത്തുമായി അദ്ദേഹത്തിന് യഥാർഥ സ്നേഹബന്ധമായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യ കുൽസൂം ബീഗം, ഒരു മകൻ ഖാലിദ് സഈദ് എന്നിവരാണുള്ളത്. മകനും വളണ്ടിയർ ആയി സ്പെഷ്യൽ സെക്യൂരിറ്റി ഗാർഡിൽ ഡ്യൂട്ടി നല്കാറുണ്ട്. അല്ലാഹു അദ്ദേഹത്തിന് പിതാവിനെപ്പോലെ വിശ്വസ്തനായ വ്യക്തിയാക്കട്ടെ. അദ്ദേഹത്തിന്റെ കാലടികളെ പിന്തുടരുവാനുള്ള തൗഫീഖ് നൽകട്ടെ. അദ്ദേഹത്തിന്റെ ഭാര്യക്ക് ക്ഷമയും സഹനവും പ്രദാനം ചെയ്യട്ടെ.

മുൻ യു.കെ മുഹ്തമിം മഖാമി ആയ അദ്നാൻ സഫർ സാഹിബ് എഴുതുന്നു; ഞാൻ നാസിർ സഈദ് സാഹിബിനോടു എനിക്കെന്തെങ്കിലും ഉപദേശം നൽകണമെന്നു പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു; ഇവിടെ സ്വന്തം കണ്ണും കാതും തുറന്നിരിക്കുക, നാവ് ഒതുക്കി വയ്ക്കുക. അതോടൊപ്പം ദുആയും ചെയ്തുകൊണ്ടിരിക്കുക. ഈ ഉപദേശം പൊതുവായി എല്ലാ വാഖിഫെ സിന്ദഗികൾക്കും ആവശ്യമായിട്ടുള്ളതാണ്. എല്ലാ ഉദ്യോഗസ്ഥരും ജമാഅത്തിനു സേവനം ചെയ്യുന്നവരും എല്ലാ ഭാരവാഹികളും ഇതനുസരിച്ച് പ്രവർത്തിക്കേണ്ടത് ആവശ്യമാണ്.

അദ്ദേഹത്തിന്റെ ജനാസാ ഗാഇബ് നമസ്കാരം ഞാൻ പിന്നീട് നമസ്കരിപ്പിക്കുന്നതാണ്. തന്റെ സേവനത്തെയും പ്രതിജ്ഞയെയും പൂർത്തിയാക്കിക്കൊണ്ടാണ് അദ്ദേഹം ഈ ലോകത്തു നിന്നും വിട പറഞ്ഞത്. അല്ലാഹുവിനോട് ചെയ്ത എല്ലാ കരാറുകളും അദ്ദേഹം പൂർത്തിയാക്കി. അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്നും നമുക്ക് അങ്ങനെയാണ് കാണാൻ സാധിക്കുന്നത്. അത്തരത്തിൽ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപ്രകാരം ശഹീദ് ആകുന്നു. അല്ലാഹു അദ്ദേഹത്തെ അക്കൂട്ടരിൽ ഉൾപ്പെടുത്തുമാറാകട്ടെ. ഈ രോഗം ബാധിച്ച് മരിച്ച എല്ലാ അഹ്മദികളോടും അല്ലാഹു മഗ്ഫിറത്തോടും കാരുണ്യത്തോടും പെരുമാറട്ടെ. എല്ലാവരും അല്ലാഹുവിന്റെ കാരുണ്യവും മഗ്ഫിറത്തും കരസ്ഥമാക്കുന്നവരാകട്ടെ എന്നാണ് നമ്മുടെ പ്രാർത്ഥന.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَ نَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ - عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 10.04.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516